# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - വെമ്പായം ഗ്രാമപഞ്ചായത്തിലെ ശ്രീ. ആർ. ശിവൻകുട്ടിനായരുടെ മൾട്ടിപ്പിൾ ഡിസെബിലിറ്റി 70% ബാധിച്ച മകൾ കുമാരി ലക്ഷ്മി. വി. ശിവന് സി.പി.എം.ആർ. വൈകല്യമുള്ളവർക്ക് നൽകുന്ന നിരക്കിൽ സാമ്പത്തിക സഹായവും, സ്കോളർഷിപ്പും, പാലിയേറ്റീവ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ [ഇപിഎ]വകുപ്പ്

സ.ഉ. [സാധാ] നം. **1115 /2015/**തസ്വഭവ. തീയതി, തിരുവനന്തപുരം,**10/04/2015**

---

പരാമർശം :

1) ശ്രീ. ആർ. ശിവൻകുട്ടി നായർ 12/05/2014 ൽ സമർപ്പിച്ച ഹർജി.
2) വെമ്പായം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/11/2014 ലെ എ 3/5041/14 നമ്പർ കത്ത്.
3) വെമ്പായം പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസറുടെ 11/08/2014 ലെ 150/14 നം കത്ത്.
4) വെമ്പായം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23/07/2014 ലെ I(2) നമ്പർ തീരുമാനം.
5) വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ **04/03/2015** ലെ **3.13**ാം നമ്പർ തീരുമാനം.

## ഉത്തരവ്

വെമ്പായം ഗ്രാമപഞ്ചായത്തിലെ ശ്രീ.ആർ. ശിവൻകുട്ടിനായരുടെ മൾട്ടിപ്പിൾ ഡിസെബിലിറ്റി 70% ബാധിച്ച മകൾ കുമാരി ലക്ഷ്മി. വി. ശിവന് സി.പി.എം.ആർ. വൈകല്യമുള്ളവർക്ക് നൽകുന്ന നിരക്കിൽ സാമ്പത്തിക സഹായവും, സ്കോളർഷിപ്പും, പാലിയേറ്റീവ് ആനുകൂല്യങ്ങളും അനുവദിക്കണമെന്നഭ്യർത്ഥിച്ച് പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കുമാരി ലക്ഷ്മി. വി. ശിവന് Meningomyelocele, Neurogenic bowel & bladder എന്നീ അസുഖങ്ങൾ ബാധിച്ചിട്ടുണ്ടെന്ന് വെമ്പായം പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. Meningomyelocele, Neurogenic bowel & bladder അസുഖമുള്ളവർക്ക് പരാശ്രയം ആവശ്യമില്ലെങ്കിലും ദൈനംദിന ജീവിതത്തിലെ പ്രാഥമിക കാര്യങ്ങൾ നിറവേറ്റുന്നതിൽ പരാജയപ്പെടുന്നതിനാൽ ഇത്തരം

കുട്ടികൾക്ക് നിരന്തര ശ്രദ്ധ ആവശ്യമുള്ളതും ഒഴിവാക്കാനാകാത്ത മേൽ ആവശ്യങ്ങളിൽ ചിട്ടയായി പരിചരണം നൽകുന്നതിന് സാമ്പത്തിക ചെലവ് ഏറെ ഉള്ളതുമാണെന്ന് ബോധ്യപ്പെട്ടു. മേൽ സാഹചര്യത്തിൽ വികേന്ദ്രീകൃത സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ **04/03/2015** ലെ **3.13**ാം നമ്പർ തീരുമാന പ്രകാരം വെമ്പായം ഗ്രാമപഞ്ചായത്തിലെ കുമാരി ലക്ഷ്മി. വി. ശിവന് സി.പി.എം.ആർ. വൈകല്യമുള്ളവർക്ക് നൽകുന്ന സാമ്പത്തിക സഹായവും, സ്കോളർഷിപ്പും, പാലിയേറ്റീവ് പരിചരണവും നൽകണമെന്ന ആവശ്യം പ്രത്യേക കേസ്സായി പരിഗണിച്ച് ടി ആനുകൂല്യങ്ങൾ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ആഞ്ചലോസ്.ജി

ഗവ.ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം .

സെക്രട്ടറി,വെമ്പായം ഗ്രാമപഞ്ചായത്ത്

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ